പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2436 — 18-6-2014-ൽ മറുപടിക്ക്

## ചേർത്തല മണ്ഡലത്തിലെ പൊതുടാപ്പുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ. | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് ചേർത്തല മണ്ഡലത്തിൽ ഉണ്ടായിരുന്ന പൊതുടാപ്പുകൾ എത്രയായിരുന്നു എന്ന് അറിയിക്കുമോ; നിലവിൽ എത്ര പൊതുടാപ്പുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ചേർത്തല മണ്ഡലത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ് 2057 പൊതുടാപ്പുകൾ ഉണ്ടായിരുന്നു. നിലവിൽ 4749 പൊതുടാപ്പുകൾ ഉണ്ട്. |
| (ബി) പൊതുടാപ്പുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഈ ടാപ്പുകൾ സ്ഥാപിക്കുന്നതിനും ഇതിലൂടെ നൽകുന്ന വെള്ളത്തിനും വേണ്ടി വരുന്ന ചെലവ് ആരാണ് നൽകുന്നതെന്ന് അറിയിക്കുമോ; | (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യം പരിഗണിച്ചും വിവിധ പദ്ധതികളുടെ ഭാഗമായും പൊതു ടാപ്പുകൾ സ്ഥാപിക്കാറുണ്ട്. വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ചാർജ്ജ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും കേരള വാട്ടർ അതോറിറ്റി ഈടാക്കും. |
| (സി) ചേർത്തല മണ്ഡലത്തിലെ പൊതുടാപ്പുകൾ നിലനിർത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പൊതുടാപ്പുകൾക്കുവേണ്ടിയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ? | (സി) പൊതുടാപ്പുകൾ നിലനിർത്തണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകമായി ആവശ്യമൊന്നും ഉന്നയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ